പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142</u> <u>5.12.2014-ന് മറുപടിക്ക്</u>

## ശുചിത്വമിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>„ കെ. ശിവദാസൻ നായർ<br>„ സണ്ണി ജോസഫ്<br>" ബെന്നി ബെഹനാൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് സർക്കാരിന്റെ പക്കലുള്ളതെന്ന് വിശദമാക്കുമോ ;<br><br>ബി) മാലിന്യ സംസ്ക്കരണത്തിൽ ശുചിത്വ മിഷൻ എന്തെല്ലാം നടപടികൾ/ പദ്ധതികൾ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | എ) & ബി) നിലവിൽ മാലിന്യസംസ്ക്കരണം ശുചിത്വമിഷന്റെ സാങ്കേതിക സഹായത്തോടു കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്നു. കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിലേക്കായി വികേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി വീടുകൾതോറും ബയോഗ്യാസ്പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നോഡൽ ഏജൻസിയായ ശുചിത്യമിഷൻ വഴി അനുമതി നൽകി ഉറവിട മാലിന്യ സംസ്കരണ രീതിക്ക് സർക്കാർ പ്രോത്സാഹനം നൽകി വരുന്നു. കൂടാതെ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിലേയ്ക്കായി വീടുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കല്ല്യാണ മണ്ഡപങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന മാലിന്യ സംസ്ക്കരണ പദ്ധതികൾക്ക് ഉയർന്ന തോതിലുള്ള സബ്സിഡി നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രോത്സാഹനം നൽകി നടപ്പിലാക്കി വരുന്നു. മാലിന്യ സംസ്ക്കരണത്തിന് പൊതുജന പങ്കാളിത്തം ഉറപ്പാക്കാനായി ഒരു വലിയ ബോധവൽക്കരണ പരിപാടി, ഓരോ വ്യക്തിയും മാലിന്യ സംസ്ക്കരണത്തിൽ തങ്ങളുടെ കടമ നിറവേറ്റാൻ പ്രേരിപ്പിക്കുന്ന തരത്തിൽ 2014 ജൂൺ 5 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| സി) മാലിന്യ സംസ്ക്കരണത്തിൽ ശുചിത്വമിഷൻ എന്തെങ്കിലും പ്രതിസന്ധികൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന മാലിന്യ സംസ്ക്കരണ പദ്ധതികൾക്ക് സാങ്കേതിക സഹായവും പദ്ധതിക്കുള്ള സാങ്കേതിക അനുമതിയും സർക്കാർ ഭാഗത്തു നിന്നുള്ള സാമ്പത്തിക സഹായവും ശുചിത്വമിഷൻ മുഖേന നൽകി വരുന്നു. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സാങ്കേതിക സഹായം നൽകുന്നതിന് ശുചിത്വമിഷനിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെയും, വിപുലീകരണത്തിന് സഹായിക്കാനുള്ള ഉദ്യോഗസ്ഥരുടെയും വമ്പിച്ച കുറവ് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ